LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അഞ്ച് വിജിലൻസ് അന്വേഷണങ്ങൾ നടത്തി പൂർത്തിയാക്കുകയും രണ്ട് വിജിലൻസ് അന്വേഷണങ്ങൾ നടന്നുവരികയും ചെയ്യുന്നു.

(ബി) രണ്ട് കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നു.

1. വി.സി.3/2014/ എസ്.സി.റ്റി.18-12-2014-ൽ രജിസ്റ്റർ ചെയ്തു.

2. വി.സി.01/2015/എസ്.ഐ.യു.-II 20-4-2015 -ൽ രജിസ്റ്റർ ചെയ്തു.

(സി) ശ്രീ. വി. എ. അരുൺകുമാറിനെതിരെയുള്ള വിവിധ ആരോപണങ്ങളെക്കുറിച്ച് വി.ഇ.4-2011/എസ്.സി.റ്റി നമ്പരിൽ നടത്തുന്ന വിജിലൻസ് അന്വേഷണത്തിൽ ശ്രീ. കെ. പി. പി. നമ്പ്യാരോട് കണ്ണൂർ പവർ പ്രോജക്ടിന്റെ മൊത്തം ചെലവായ 1500 കോടി രൂപയുടെ 5% ആയ 75 കോടി രൂപ ശ്രീ. വി. എ. അരുൺകുമാർ ആവശ്യപ്പെട്ടു എന്ന ആരോപണവും ഉൾപ്പെട്ടിട്ടുണ്ട്. ഈ വിജിലൻസ് അന്വേഷണം പൂർത്തിയാക്കി സമർപ്പിച്ച റിപ്പോർട്ട് സൂക്ഷ്മ പരിശോധനയിലാണ്.

1. വി.സി.3/2014/എസ്.സി.റ്റി. നമ്പർ കേസിന്റെ അന്വേഷണം അന്തിമ ഘട്ടത്തിലാണ്.

2. വി.സി. 1/2015 എസ്.ഐ.യു-II -ൽ ശ്രീ. വി. എ. അരുൺകുമാറിന്റെ നിയമനവുമായി ബന്ധപ്പെട്ട സെലക്ഷൻ കമ്മിറ്റി അംഗങ്ങൾ കേരളത്തിന് പുറത്തായതിനാൽ ഇവരിൽനിന്നും മൊഴി രേഖപ്പെടുത്താൻ കഴിയാത്തതു കാരണമാണ് കാലതാമസം നേരിടുന്നത്.

ബാർ കോഴ

335 (313) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ധനമന്ത്രി ഒന്നാം പ്രതിയായിരുന്ന ബാർ കോഴ കേസിൽ, വിജിലൻസ് റിപ്പോർട്ട് തള്ളികളഞ്ഞുകൊണ്ട്, തിരുവനന്തപുരം വിജിലൻസ് സ്പെഷ്യൽ കോടതി നിർദ്ദേശിച്ചത് പ്രകാരമുള്ള തുടർ നടപടി അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) അന്വേഷണത്തിന്റെ ഭാഗമായി ഇതിനകം ആരിൽ നിന്നെല്ലാം തെളിവുകൾ ശേഖരിക്കുകയുണ്ടായി; പണം കൈമാറിയവരെയും ആരോപിക്കപ്പെട്ട ആളിന്റെയും ആ ദിവസത്തെ, ടെലിഫോൺ സന്ദേശങ്ങളും, ടവർ ലൊക്കേഷനുകളും മറ്റും സംബന്ധിച്ച് അന്വേഷിക്കുകയുണ്ടായോ?

ഉത്തരം

(എ) മുൻധനമന്ത്രി ശ്രീ. കെ. എം. മാണി കുറ്റാരോപിതനായ ബാർ കോഴക്കേസിന്റെ അന്തിമറിപ്പോർട്ട് 13-1-2016-ൽ ബഹുമാനപ്പെട്ട തിരുവനന്തപുരം വിജിലൻസ് കോടതിയിൽ സമർപ്പിച്ചു.

(ബി) പ്രസ്തുത കേസ് കോടതിയുടെ പരിഗണനയിലുള്ളതിനാൽ പ്രസ്തുത ചോദ്യത്തിനുള്ള വിവരങ്ങൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

ബാർ കോഴ-വിജിലൻസ് അന്വേഷണം

336 (314) ശ്രീ. എം. എ. ബേബി:
പ്രൊഫ. സി. രവീന്ദ്രനാഥ്:
ശ്രീ. എം. ചന്ദ്രൻ:
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർ കോഴയുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണങ്ങളുടെ നിജസ്ഥിതി വെളിപ്പെടുത്താമോ; പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഏതെല്ലാം ആരോപണങ്ങളും വെളിപ്പെടുത്തലുകളും പരാതികളും സംബന്ധിച്ചാണ് വിജിലൻസ് അന്വേഷണങ്ങൾക്ക് ഉത്തരവിട്ടിരിക്കുന്നത്;

(ബി) തൃശ്ശൂർ, തിരുവനന്തപുരം, വിജിലൻസ് കോടതികളിൽ നിന്നുള്ള ഏതെല്ലാം ഉത്തരവുകളെ തുടർന്ന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; തുടർന്നു വരുന്ന നടപടികൾ എന്തെല്ലാം;

(സി) ആർക്കെല്ലാം എതിരായിട്ടുള്ള ഏതെല്ലാം പരാതികളിൽ വിജിലൻസ് ഇതിനകം ആരെയെല്ലാം പ്രതികളാക്കി; എത്ര എഫ്. ഐ. ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) ആരോപിതരായിട്ടുള്ള ആർക്കെല്ലാമാണ് ഔദ്യോഗിക സ്ഥാനത്തുനിന്ന് ഒടുവിൽ രാജിവെക്കേണ്ടി വന്നിട്ടുള്ളത്; അവശേഷിക്കുന്ന ആരോപിതർ ആരെല്ലാമാണ്;

LIBRARY ARCHIVES Kerala Legislative Assembly